"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഡീലിമിറ്റേഷൻ നടപടിക്രമങ്ങളും GIS വാർഡ് മാപ്പിംഗും പൂർത്തിയായതിനാൽ ലഭ്യമായ ഡാറ്റയും മാപ്പുകളും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമ◌ാറുന്നതിന് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.140/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.36/2024/ത.സ്വ.ഭ.വ; തീയതി 14.06.2024
2. സ.ഉ (സാധാ) നം.1685/2024/LSGD തീയതി 11/09/2024

3 ഡീലിമിറ്റേഷൻ കമ്മീഷന്റെ 27.10.2025 തീയതിയിലെ യോഗതീരുമാനം

4 06.12.2025 തീയതിയിലെ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിയുടെ SDC/332(1)/2025-SDC7 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് പരാമർശം (1) പ്രകാരം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ രൂപീകരിച്ചിരുന്നു.

ഡീലിമിറ്റേഷൻ നടപടിക്രമങ്ങളും GIS വാർഡ് മാപ്പിംഗും പൂർത്തിയായി കഴിഞ്ഞാൽ ലഭ്യമായ ഡാറ്റയും മാപ്പുകളും സർക്കാർ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭ്യമാക്കണം എന്ന് പരാമർശം (2) സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 27.10.2025 ന് നടന്ന ഡീലിമിറ്റേഷൻ കമ്മീഷൻ യോഗത്തിൽ ഡാറ്റയും മാപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുൾപ്പെടെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നിരിക്കെ ആയവ തദ്ദേശ സ്വയംഭരണ വകുപ്പിൽ തന്നെ പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമാറുന്നതിന് സർക്കാരിലേക്ക് ശിപാർശ നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനം ആവുകയും ആയതിനുള്ള അനുമതിക്കും തുടർ നടപടികൾക്കുമായി ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി സർക്കാരിലേയ്ക്ക് പരാമർശം (4) പ്രകാരം ശിപാർശ നൽകിയിട്ടുള്ളതുമാണ്.

ടി ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലും ഡീലിമിറ്റേഷൻ നടപടിക്രമങ്ങളും GIS വാർഡ് മാപ്പിംഗും പൂർത്തിയായിക്കഴിഞ്ഞ സാഹചര്യത്തിലും ഡാറ്റയും മാപ്പുകളും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമാറുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-01-2026 16:21:27
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്